NO.ICPS5/21769/15

സംയോജിത ശിശു സംരക്ഷണ പദ്ധതി

സാമൂഹ്യ നീതി വകുപ്പ്,പൂജപ്പുര

തിരുവനന്തപുരം

തീയതി:14.06.2016

# സർക്കുലർ

വിഷയം:- സാമൂഹ്യ നീതി വകുപ്പ് -ICPS–ചിൽഡ്രൻസ് ഹോമുകളിൽ സെക്യൂരിറ്റി ജീവനക്കാരെ നിയമിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ സംബന്ധിച്ച്

പരാമർശം:- 1. 16.10.15 ന നടന്ന SCPS എക്സിക്യൂട്ടീവ് കമ്മിറ്റി മീറ്റിംഗിലെ 7 ാം മത്തെ തീരുമാനം

2.ഈ ഓഫീസ് ഉത്തരവ് നമ്പർ ICPS 5/20496/15 തിയ്യതി 30.12.15

സംയോജിത ശിശു സംരക്ഷണ പദ്ധതി മാർഗ്ഗ രേഖകൾ പ്രകാരം ജെ ജെ ഹോമുകളിൽ ഒരു സെക്യൂരിറ്റിയെ നിയമിക്കുന്നതിനു വ്യവസ്ഥയുണ്ട്. SCPS ന്റെ 16.10.15 ന ചേർന്ന എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ യോഗത്തിൽ സംസ്ഥാനത്തെ മുഴുവൻ ചിൽഡ്രൻസ് ഹോമുകളിലും ഒരു സെക്യൂരിറ്റി ജീവനക്കാരന്റെ സേവനം പ്രതിമാസം 9000/ രൂപ വേതനത്തിൽ ലഭ്യമാക്കുന്നതിനു അനുമതി നൽകിയിട്ടുണ്ട് .അതിന്റെ അടിസ്ഥാനത്തിൽ പരാമർശം 2 പ്രകാരം ഉത്തരവ് നല്കിയിട്ടുമുണ്ട് .

എല്ലാ ജില്ലകളിലേയും ചിൽഡ്രൻസ് ഹോമുകളിൽ (പരാമർശം 2 ലെ ലിസ്റ്റ് പ്രകാരം) കരാർ അടിസ്ഥാനത്തിൽ സെക്യൂരിറ്റി ജീവനക്കാരെ ഇന്റർവ്യൂ നടത്തി നിയമിക്കുന്നതിനുള്ള ചുമതല ജില്ലാ ചൈൽഡ് പ്രൊട്ടക്ഷൻ ഓഫീസർമാർക്കായിരിക്കും. സെലക്ഷൻ കമ്മറ്റിയുടെ ഘടന താഴെപ്പറയും പ്രകാരമായിരിക്കും.

**സെലക്ഷൻ കമ്മിറ്റിയുടെ ഘടന:-**

- ജില്ലാ ചൈൽഡ് പ്രൊട്ടക്ഷൻ ഓഫീസർ - ചെയർമാൻ
- ചിൽഡ്രൻസ് ഹോം സൂപ്രണ്ട് - കൺവീനർ
- CWC യിലെ ചെയർമാൻ നിർദ്ദേശിക്കുന്ന ഒരു അംഗം - മെമ്പർ

## യോഗ്യതാ മാനദണ്ഡങ്ങൾ

- അപേക്ഷകൻ സ്ഥാപനം സ്ഥിതി ചെയ്യുന്ന പ്രദേശത്ത് താമസിക്കുന്ന ആരോഗ്യമുള്ള ഒരു വിമുക്ത ഭടനായിരിക്കണം
- സെക്യൂരിറ്റി ജീവനക്കാരന്റെ പ്രവർത്തി സമയം വൈകുന്നേരം 6 മണി മുതൽ രാവിലെ 6 മണി വരെ(രാത്രി സമയം മാത്രം) ആയിരിക്കും
- ആഴ്ചയിൽ ഒരു ദിവസം സെക്യൂരിറ്റി ജീവനക്കാരനു അവധി നൽകുന്നതാണ്.

- **30.06.2016** നു മുൻപ് കമ്മിറ്റി കൂടി ആവശ്യമായ തീരുമാനങ്ങളെടുക്കുകയും നോട്ടിഫിക്കേഷൻ പുറപ്പെടുവിക്കേണ്ടതുമാണ്.
- ജില്ലാ തലത്തിൽ ഇന്റർവ്യൂ നടത്തി റാങ്ക് ലിസ്റ്റ് തയ്യാറാക്കേണ്ടതാണ്.
- ഇന്റർവ്യൂ സംബന്ധിച്ചുള്ള എല്ലാ നടപടികളും ജില്ലാ ചൈൽഡ് പ്രൊട്ടക്ഷൻ ഓഫീസർമാർ ശ്രദ്ധാപൂർവ്വം കൈകാര്യം ചെയ്യേണ്ടതാണ് .
- **20.07.2016** ന മുമ്പായി നിയമന നടപടികൾ പൂർത്തികരിയ്കരിക്കേണ്ടതാണ് .
- ഒരു വർഷമാണ് കരാർ നിയമനത്തിന്റെ കാലാവധി.
- സെലക്ഷൻ കമ്മിറ്റികൾ തയ്യാറാക്കുന്ന റാങ്ക് ലിസ്റ്റുകൾ സാമൂഹ്യ നീതി ഡയറക്ടറുടെ അംഗീകാരത്തിനായി അയച്ചു തരേണ്ടതാണ്.
- സാമൂഹ്യ നീതി ഡയറക്ടർ അംഗീകാരം നൽകുന്ന റാങ്ക് ലിസ്റ്റിൽ നിന്നും ചിൽഡ്രൻസ് ഹോമുകളിൽ സെക്യൂരിറ്റി ജീവനക്കാരനെ നിയമിക്കുന്നതിനുള്ള അധികാരം അതാതു ജില്ലാ ശിശു സംരക്ഷണ ഓഫീസർമാർക്കായിരിക്കും

**സാമൂഹ്യ നീതി ഡയറക്ടർക്കു വേണ്ടി**

എല്ലാ ജില്ലാ ചൈൽഡ് പ്രൊട്ടക്ഷൻ ഓഫീസർമാർക്കും

എല്ലാ ചിൽഡ്രൻസ് ഹോം സുപ്രണ്ടുമാർക്കും

<u>പകർപ്പ്:-</u>

1. എല്ലാ CWC ചെയർമാൻമാർക്കും(ആമുഖ കത്ത് സഹിതം)
2. പ്രോഗ്രാം മാനേജർ,scps
3. ICPS-4
4. സ്റ്റോക്ക് ഫയൽ